കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ്
കാസർകോട്

2018 ജൂലൈ 12
വ്യാഴം

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പോലീസ് കംപ്ലെയ്ന്റ് അതോറിറ്റി സിറ്റിംഗ് നടത്തി

ജില്ലാതല പോലീസ് കംപ്ലെയ്ന്റ് അതോറിറ്റി സിറ്റിംഗിൽ ആറ് പുതിയ പരാതികൾക്കു പുറമേ 19 പരാതികൾ പരിഗണിച്ചു. ഇതിൽ നാല് കേസുകൾ വിചാരണ പൂർത്തിയാക്കി. ജില്ലയിൽ പോലീസിനെതിരായ പരാതികൾ പൊതുവേ കുറവാണെന്ന് ചെയർമൻ കെ.വി.ഗോപിക്കുട്ടൻ പറഞ്ഞു. ജില്ലാ കളക്ടറുടെ ചുമതല വഹിക്കുന്ന എഡിഎം എൻ.ദേവീദാസ്, ജില്ലാ പോലീസ് മേധാവി പി. ശ്രീനിവാസ് തുടങ്ങിയവർ സിറ്റിംഗിൽ പങ്കെടുത്തു.

ക്യാപ്ഷൻ : ജില്ലാതല പോലീസ് കംപ്ലെയ്ന്റ് അതോറിറ്റി സിറ്റിംഗിൽ ചെയർമൻ കെ.വി.ഗോപിക്കുട്ടൻ, ജില്ലാ കളക്ടറുടെ ചുമതല വഹിക്കുന്ന എഡിഎം എൻ.ദേവീദാസ്, ജില്ലാ പോലീസ് മേധാവി എ. ശ്രീനിവാസ് തുടങ്ങിയവർ.

## പട്ടികജാതി വിദ്യാർഥികൾക്ക് പ്രോത്സാഹന ധനസഹായം

2018 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നടന്ന എസ്.എസ്.എൽ.സി/പ്ലസ് ടു, ഡിഗ്രി, ഡിപ്ലോമ, ടി.ടി,സി, പി.ജി, പ്രഫഷണൽ കോഴ്സുകൾ തുടങ്ങിയ പരീക്ഷകളിൽ കാസർഗോഡ് ജില്ലയിലെ സ്ഥാപനങ്ങളിൽ നിന്നും ഒന്നാം ക്ലാസ്/ഡിസ്റ്റിംഗ്ഷനോട് കൂടി പാസ്സാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിന് കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസർ അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി/പ്ലസ് ടു പരീക്ഷാഫലങ്ങൾ ഗ്രേഡിംഗ് സമ്പ്രദായ പ്രകാരമായതിനാൽ എസ്.എസ്.എൽ.സി ആറ് എ/ബി ഗ്രേഡും നാല് സി ഗ്രേഡോ അതിനു മുകളിലും ഹയർ സെക്കറിക്ക് നാല് എ/ ബി ഗ്രേഡും ര് സി ഗ്രേഡോ അതിനു മുകളിലോ മാർക്ക് ലഭിച്ചവർക്ക് അപേക്ഷിക്കാം. സിബിഎസ്സി സിലബസ്സുകാർക്ക് 60 ശതമാനമോ അതിനു മുകളിലോ മാർക്ക് ലഭിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്

വിദ്യാർഥിയുടെ പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം, ജാതി/മതം പരീക്ഷയിൽ ലഭിച്ച മാർക്ക്/ ഗ്രേഡ് പഠിച്ചിരുന്ന സ്ഥാപനത്തിന്റെ പേര്, പരീക്ഷാ സെന്റർ ഇപ്പോൾ പഠിക്കുന്ന സ്ഥാപനം, രക്ഷിതാവിന്റെ ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ അപേക്ഷ കാസർഗോഡ് സിവിൽസ്റ്റേഷനിൽ

(തുടരും)

പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ആഫീസിലോ, ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലോ ഈ മാസം 31 -നകം സമർപ്പിക്കണം. അപേക്ഷയോടൊപ്പം ജാതി, പരീക്ഷയിൽ ലഭിച്ച മാർക്ക്/ഗ്രേഡ് തെളിയിക്കുന്നതിനുളള സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യേതാണ്. അപേക്ഷ ഫോറവും കൂടുതൽ വിവരങ്ങളും ജില്ലാ പട്ടികജാതി വികസന ഓഫീസിലോ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലോ ലഭിക്കുന്നതാണ്.

## ചാന്ദ്രപക്ഷം ഇന്ന് തുടങ്ങും

പ്രപഞ്ച വിസ്മയങ്ങളുടെ കലവറ തുറക്കുന്ന ചാന്ദ്രപക്ഷത്തിന് ഇന്ന് (13)തുടക്കം. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ ശാസ്ത്ര രംഗത്തിന്റെ സഹകരണത്തോടെ സ്കൂളിനകത്തും പുറത്തുമായി വൈവിധ്യങ്ങളാർന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 27 വരെ നീ ു നിൽക്കുന്ന പക്ഷാചരണത്തിന്റെ ഭാഗമായി മാനത്തേക്ക് പറക്കാം (ആകാശ നിരീക്ഷണം),ആകാശ കുറിപ്പുകൾ ( നിരീക്ഷണ കുറിപ്പുകൾ, പ്രപഞ്ച യാത്ര (പ്രപഞ്ച വിസ്മയങ്ങളിലേക്ക് തുറക്കുന്ന വാതായനം), ശാസ്ത്ര സംവാദം (ജ്യോതിഷവും ജ്യോതിശാസ്ത്രവും), വിസ്മയ വാതിൽ (ബഹിരാകാശ ചിത്രപ്രദർശനം), ഗാനപ്രപഞ്ചം (ശാസ്ത്ര ഗീതമാലിക) ശാസ്ത്ര നാടകം, ഗ്രഹണ ഗ്രഹണം, കലർ കൗതുകം( വിവിധ കലറുകൾ - പരിചയം,പ്രദർശനം), ബഹിരാകാശ ശാസ്ത്രജ്ഞൻ/ ബഹിരാകാശ യാത്രികരുമായി നേരിട്ടോ, ടെലിഫോൺ വഴിയോ സംഭാഷണം, വീഡിയോ/ ഫിലിം പ്രദർശനം, പ്ലാനിറ്റോറിയത്തിലേക്ക് (വെള്ളൂർ ഏച്ചിലാംവയൽ ജനകീയ പ്ലാനിറ്റോറിയത്തിൽ ഒരു രാത്രി), ബഹിരാകാശ ക്വിസ്, സെമിനാർ, ശാസ്ത്ര പാർലിമെന്റ് എന്നീ പരിപാടികൾ സ്കൂൾ തലത്തിലും സബ് ജില്ല, ജില്ല, സംസ്ഥാന തലത്തിലും നടത്തും.

## ഷീ ലോഡ്ജ്, കുടുംബശ്രീ ബസാർ എന്നിവയിൽ തൊഴിൽ ഒഴിവ്

കാഞ്ഞങ്ങാട് മുനിസിപ്പൽ പരിധിയിൽ പുതുതായി ആരംഭിക്കുന്ന ഷീലോഡ്ജ്, കുടുംബശ്രീ ബസാർ എന്നിവയിലെ വിവിധ ഒഴിവുകളിലേക്ക് കുടുംബശ്രീ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കാഞ്ഞങ്ങാട് മുനിസിപ്പൽ പരിധിയിലെ സ്ഥിരതാമസക്കാരായിരിക്കണം. സെക്യൂരിറ്റി, ഓഫീസ് ജോലികൾ, ക്ലീനിംഗ്, സെയിൽസ് വിഭാഗം എന്നിവിടങ്ങളിലാണ് ഒഴിവുകളുള്ളത്. സെക്യൂരിറ്റി, ക്ലീനിംഗ് ജോലികൾ ചെയ്യുന്നവർക്ക് ഏഴാം തരം പാസ്സായവരും ഓഫീസ് ജോലികൾ, സെയിൽസ് വിഭാഗം എന്നിവയ്ക്ക് പന്ത്രാം ക്ലാസ്സ് വിജയിച്ച് കംപ്യൂട്ടർ പരിജ്ഞാനമുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകൾ ഈ മാസം 20 -ന് വൈകുന്നേരം അഞ്ചിനകം കാഞ്ഞങ്ങാട് മുനിസിപ്പൽ ഓഫീസിൽ പ്രവർത്തിക്കുന്ന സിഡിഎസ് ഓഫീസിൽ എത്തിക്കേതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒരാൾക്ക് ഒരു തസ്തികയിലേക്ക് മാത്രമേ അപേക്ഷ നൽകാനാവൂ.

## സപ്പോർട്ട് എഞ്ചിനീയർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു

പട്ടികവർക്ഷ വികസന വകുപ്പിന്റെ നിലമ്പൂർ, കാസർഗോഡ് എന്നീ ഓഫീസുകളിൽ നിലവിലുള്ള താൽക്കാലിക ഒഴിവുകളിലേക്കും തുടർന്നു ഒഴിവുവരുന്ന മറ്റ് ജില്ലാ ഓഫീസുകളിലേക്കും സപ്പോർട്ട് എഞ്ചിനീയറായി കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിലേക്ക് ബി.ടെക്/ എം.സി.എ/ എം.എസ്സ്.സി. (കംപ്യൂട്ടർസയൻസ്)/ ബി.ഇ. (കംപ്യൂട്ടർസയൻസ്) എന്നിവയിലേതെങ്കിലും പാസ്സായ പട്ടികവർക്ഷത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രതിമാസം 16,500 രൂപ പ്രതിഫലമായി ലഭിക്കും. വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പോടുകൂടിയ അപേക്ഷ സൈബർശ്രീ, സി-ഡിറ്റ്, പൂർണ്ണിമ, ടി.സി 81/2964, ഹോസ്പിറ്റൽ റോഡ്,

(തുടരും)

തൈക്കാട് പി.ഒ., തിരുവനന്തപുരം-695014 എന്ന വിലാസത്തിൽ ഈ മാസം 20-ന് മുമ്പായി ലഭിക്കണം. അപേക്ഷകൾ cybersricdit@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും അയക്കാവുന്നതാണ്. അപേക്ഷാ ഫോറം www.cybersri.org എന്ന വെബ്ബ് സൈറ്റിൽ ലഭ്യമാണ്. ഫോൺ : 9895478273.

## അറ്റസ്റ്റേഷൻ 19-ന് കണ്ണൂരിൽ

കോഴിക്കോട് നോർക്ക റൂട്ട്സ് സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ വെച്ച് നടത്തിക്കൊ രിക്കുന്ന എച്ച്. ആർ. ഡി അറ്റസ്റ്റേഷൻ പൊതുജന സൗകര്യാർത്ഥം കണ്ണൂർ ജില്ലാ പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ ഈ മാസം 19-ന് രാവിലെ ഒൻപത് മുതൽ 12.30 വരെ നടത്തുന്നു. അറ്റസ്റ്റേഷന് വരുന്നവർ ഓൺലൈനിൽ റജിസ്റ്റർ ചെയ്ത് അതിൽ നിന്നും എടുത്ത പ്രിന്റഡ് അപേക്ഷയുമായി വരേ താണ്. അപേക്ഷയിൽ ഓഫീസ് കണ്ണൂർ എന്നും തീയ്യതി 19/07/18 എന്നും ആയിരിക്കണം. (സൈറ്റ് അഡ്രസ്സ് -(202.88.244.146:8084/norka/ അല്ലെങ്കിൽ norkaroots.net). ഈ ദിവസം കോഴിക്കോട് നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉായിരിക്കുന്നതല്ല. കൂടുതൽ വിവ രങ്ങൾക്ക് :- ഫോൺ 04972765310, 04952304885

## മാലിന്യമുക്തകേരളത്തിനായി നിയമം കർക്കശമാക്കാൻ വിവിധ വകുപ്പുകളും ഏജൻസികളും ഒന്നിക്കുന്നു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളേയും ഏജൻസികളേയും ഒരുമിപ്പിച്ച് മലിനീകരണ നിയന്ത്രണ നിയമങ്ങൾ കർശനമായി നടപ്പാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. സംസ്ഥാന പോലീസ് മേധാവി ഇതുമായി ബന്ധപ്പെട്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലേയും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് വിശദമായ ഉത്തരവ് ഇതിനകം തന്നെ നൽകിക്കഴിഞ്ഞു. നിയമം നടപ്പിലാക്കേ ഉദ്യോഗസ്ഥർക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിപുലമായ പരിശീ ലന പരിപാടികൾക്ക് തുടക്കം കുറിച്ചു.

ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനതല ഉദ്യോഗസ്ഥർക്കായുള്ള ശിൽപ്പശാല കാഞ്ഞങ്ങാട് മുൻസിപ്പൽ ടൗൺ ഹാളിൽ എ.ഡി.എം എൻ. ദേവീദാസ് ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എം.പി. സുബ്രഹ്മണ്യൻ മുഖ്യ പ്രഭാഷണം നടത്തി. സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ ബാബു രാജ് പി.കെ സ്വാഗതവും, കെ.എസ്.പി.സി.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ജെ.ആർതർ സേവ്യർ നന്ദിയും പറഞ്ഞു. കാസറഗോഡ് ഡി.വൈ.എസ്.പി. ജെയ്സൺ കെ. അബ്രഹാം, അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.പി.സി.ബി. സനൽ കെ, പെർഫോർമൻസ് ഓഡിറ്റ് സൂപ്പർ വൈസർ സുമേഷ് ബി.എൻ, കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി സെക്രട്ടറി അനീഷ് പി.എൻ, ഫുഡ് ആന്റ് സേഫ്റ്റി ഓഫീസർ ഡോ. നിത്യ ചാക്കോ, എച്ച്.ഐ. മുഹമ്മദ് കുട്ടി എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പഞ്ചായത്ത് വകുപ്പ്, നഗരകാര്യവകുപ്പ്, പോലീസ് വകുപ്പ്, ആരോഗ്യവകുപ്പ്, ഭക്ഷ്യസുരക്ഷാവകുപ്പ്, നഗരാസൂത്രണ വകുപ്പ് തുടങ്ങി അനുബന്ധ വകുപ്പു കളും ഏജൻസികളുമാണ് ഹരിതകേരളം മിഷനുമായി ചേർന്ന് ഈ പരിപാടി നടപ്പിലാക്കുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കൂട്ടിയിട്ട് കത്തിക്കൽ, ജലസ്രോതസ്സുകളിലേക്ക് വലി ച്ചെറിയൽ, ഭക്ഷണാവശിഷ്ടങ്ങളും, കക്കൂസ് മാലിന്യങ്ങളും ഉൾപ്പെടെയുള്ളവ പൊതു നിരത്തുകളിലും ജലസ്രോതസ്സുകളിലും തള്ളിവിടൽ തുടങ്ങി പൊതുജനാരോഗ്യത്തിനും പരിസ്ഥിതി ഘടനയ്ക്കും ഗുരു തരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തെമ്പാടും ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിലാണ് വകുപ്പുതല കൂട്ടായ്മ രംഗത്തിറങ്ങിയത്.

(തുടരും)

## തടി ഇ-ലേലം

കേരള വനം വകുപ്പിന്റെ കീഴിൽ പരപ്പ ഗവ. തടി ഡിപ്പോയിൽ നിന്നും തേക്ക്, അക്വേഷ്യ, ഉരുപ്പ്, മറ്റ് വിവിധയിനം തടികൾ എന്നിവ ഈ മാസം 24 ന് ഈ ഓക്ഷൻ വഴി എം.എസ്.ടി.സി ലിമിറ്റഡ് എന്ന കമ്പനി വഴി ഓൺലൈൻ ലേലത്തിൽ വിൽപ്പന നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04994-270060, 8547602862, 8547602863.

## ടിപ്പർ ലേലം

കുമ്പള പോലീസ് സ്റ്റേഷൻ കോംപൗിൽ സൂക്ഷിച്ചിട്ടുള്ള ര് ടിപ്പറുകൾ ഈ മാസം 26 ന് രാവിലെ 11 ന് മഞ്ചേശ്വരം താലൂക്ക് ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നു. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ഈ മാസം 25 ന് വൈകുന്നേരം അഞ്ച് മണിവരെ മഞ്ചേശ്വരം താലൂക്ക് ഓഫീസിൽ അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക് മഞ്ചേശ്വരം താലൂക്കാഫീസുമായി ബന്ധപ്പെടണം. ഫോൺ - 04998-244044.

## പി.എസ്.സി റാങ്ക് ലിസ്റ്റ്

കഴിഞ്ഞ മാസം 27 ന് പ്രസിദ്ധീകരിച്ച കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകലിലേക്കുള്ള എൽ.ഡി.ക്ലാർക്ക് (എൻ.സി.എ-എസ്.ടി, എൻ.സി.എ-എൽ.സി/എ.ഐ, എൻ.സി.എ-എസ്.സി) റാങ്ക് ലിസ്റ്റുകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണ്.

## സൗജന്യ മത്സര പരീക്ഷാ പരിശീലനം

കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ വൊക്കേഷണൽ ഗൈഡൻസ് വിഭാഗം കേരള പി.എസ്.സി, യു.പി.എസ്.സി/എസ്.എസ്.സി./ബാങ്കിംഗ്, സി.ഡി.എസ്, ഗ്രാജുവേറ്റ് ലവൽ പരീക്ഷ, തുടങ്ങി വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി സൗജന്യ പരിശീലനം നൽകുന്നു. അപേക്ഷിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു വിജയമാണ്. സർട്ടിഫിക്കേറ്റിന്റെ കോപ്പി സഹിതം കാസർഗോഡ് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി ഈ മാസം 23 നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കാസർകോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - 04994-255582, ഹോസ്ദുർഗ്ഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - 04672-209068 എന്നിവിടങ്ങളിൽ ബന്ധപ്പെടുക.

## സന്നദ്ധ സംഘടനകൾക്ക് അപേക്ഷിക്കാം

മറവി രോഗം ബാധിച്ചവർക്ക് ആവശ്യമായ പരിരക്ഷയും ശുശ്രൂഷയും നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനും, സംരക്ഷണം നൽകുന്നതിനും വേിയുള്ള സ്ഥാപനങ്ങൾ നടത്തി/നടത്തുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന താത്പര്യമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും സാമൂഹ്യനീതി വകുപ്പ് താൽപര്യ പത്രം ക്ഷണിക്കുന്നു. മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.sjdkerala.gov.in നിന്നോ കാര്യാലയത്തിൽ നിന്നോ ലഭ്യമാണ്. പ്രൊപ്പോസലുകൾ തയ്യാറാക്കി അതാതു ജില്ലാ ഓഫീസിൽ എത്തിക്കണം.

## ആസൂത്രണ സമിതി യോഗം 17 ന്

ജില്ലാ ആസൂത്രണ സമിതിയുടെ യോഗം ഈ മാസം 17-ന് ഉച്ചയ്ക്ക് രിന് ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരും.

**അവസാനിച്ചു**